## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **6467**

03.04.2018-ലെ മറുപടി

# കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, കെ.ആൻസലൻ<br>,, എ.പ്രദീപ്കുമാർ<br>,, എൻ.വിജയൻ പിള്ള | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ള പ്രശ്നം രൂക്ഷമായി വരാനിടയുള്ള സാഹചര്യത്തിൽ കുടിവെള്ളവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി വകുപ്പുതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) സ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പുവരുത്താനായി സാദ്ധ്യമായ സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾ സ്ഥാപിച്ച് വരുന്നു. ജല ലഭ്യതയനുസരിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും വാൽവുകൾ നിയന്ത്രിച്ചും പരമാവധി കേരള ജല അതോറിറ്റി ജല വിതരണം ഉറപ്പാക്കുന്നുണ്ട്. സ്രോതസ്സിന്റെ ലഭ്യതക്കനുസരിച്ച് സാങ്കേതികമായി സാധ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കാൻ കേരള ജല അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കാലപ്പഴക്കം കൊണ്ട് പൊട്ടുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സമയബന്ധിതമായി കേരള ജല അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) തലസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന പൈപ്പ്പൊട്ടൽ മൂലം വലിയതോതിൽ ജലനഷ്ടവും പൈപ്പുവെള്ളത്തെ മാത്രം ആശ്രയിക്കുന്ന ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും സർക്കാർ ഗൗരവമായി കാണുമോ; | (ബി) തലസ്ഥാനത്ത് അടുത്ത കാലത്തായി തുടർച്ചയായ പൈപ്പ് പൊട്ടലുകൾ പ്രത്യേകിച്ചും വലിയ പൈപ്പുകളിൽ ഉണ്ടാകുന്നില്ല. എന്നിരിക്കലും നഗരത്തിലെ അതി ബൃഹത്തായ വിതരണ ശൃംഖലയിൽ പൊട്ടലുകൾ ഉണ്ടാകാറുണ്ട്. ഇവ സമയബന്ധിതമായി പരിഹരിച്ച് ജല വിതരണം സുഗമമാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി ഗുണമേൻമയുള്ള പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം ഉറപ്പു വരുത്തുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ? | (സി) | കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി ഗുണമേന്മയുള്ള പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം ഉറപ്പ വരുത്തുന്നതിന് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 146.75 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാനിലെ ഒപ്റ്റിമൈസേഷൻ ഓഫ് പ്രൊഡക്ഷൻ & ട്രാൻസ്മിഷൻ എന്ന ഹെഡിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാൻ 2016 2017 -ൽ 40.76 കോടി രൂപയുടെയും 2017-2018 -ൽ 59.57 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾക്ക് സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതികൾ ഇപ്പോൾ കിഫ്ബിയുടെ പരിഗണയിലാണ്. |

സെക്ഷൻ ഓഫീസർ